No. CEE/71/3LLB-2020/TA2

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# വിജ്ഞാപനം

## ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽ.എൽ.ബി, ത്രിവത്സര എൽ.എൽ.ബി കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം–2020 പുതുതായി അപേക്ഷകൾ ക്ഷണിക്കുന്നു

2020–21 അദ്ധ്യയന വർഷം സംസ്ഥാനത്തെ ത്രിവത്സര എൽ.എൽ.ബി, ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽ.എൽ.ബി കോഴ്സുകളുടെ പ്രവേശനത്തിനായി 22.03.2020 വരെ യോഗ്യരായ വിദ്യാർത്ഥികളിൽ നിന്ന് ഓൺലൈനായി അപേക്ഷകൾ ക്ഷണിച്ചിരുന്നു. എന്നാൽ കോവിഡ്–19ന്റെ പശ്ചാത്തലത്തിൽ യഥാസമയം അപേക്ഷ സമർപ്പിക്കാൻ കഴിയാത്ത വിദ്യാർത്ഥികൾക്ക് പുതുതായി അപേക്ഷ സമർപ്പിക്കുന്നതിന് ഒരു അവസരം കൂടി നൽകുന്നു. പുതുതായി അപേക്ഷ സമർപ്പിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** **എന്ന** വെബ്സൈറ്റ് മുഖേന 18.05.2020 മുതൽ 20.05.2020 വൈകിട്ട് 5 മണി വരെ ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. മുൻവിജ്ഞാപനപ്രകാരം ഇതിനകം രജിസ്ട്രേഷൻ നടത്തിയിട്ടുള്ളവരും എന്നാൽ അപേക്ഷാസമർപ്പണം പൂർത്തിയാക്കാൻ കഴിയാത്തവർക്കും അതേ ആപ്ലിക്കേഷൻ നമ്പർ, പാസ് വേർഡ് എന്നിവ നൽകി ഈ തീയതികളിൽ അപേക്ഷാസമർപ്പണം പൂർത്തിയാക്കാവുന്നതാണ്. ഇതിനകം അപേക്ഷാ സമർപ്പണത്തിന്റെ 'ഫൈനൽ സബ്മിഷൻ' നടത്തിയിട്ടുള്ളവർക്ക് മേൽവെബ്സൈറ്റ് മുഖേന ആപ്ലിക്കേഷൻ നമ്പർ, പാസ് വേർഡ് എന്നിവ നൽകി അവരവരുടെ 'Candidate Portal'ൽ പ്രവേശിച്ച് സമർപ്പിച്ച അപേക്ഷയുടെ വിശദാംശങ്ങൾ കാണാവുന്നതാണ്. ഓൺലൈൻ അപേക്ഷ സംബന്ധിച്ച വിശദമായ വിജ്ഞാപനത്തിനും പ്രോസ്പെക്ടസ്സും കാണുന്നതിനും പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** **എന്ന** വെബ്സൈറ്റ് സന്ദർശിക്കേണ്ടതാണ്.

അപേക്ഷ സമർപ്പിക്കുന്നതിനു മുമ്പ് വിദ്യാർത്ഥികൾ പ്രോസ്പെക്ടസ്സിലെ നിബന്ധനകൾ വായിച്ചു മനസ്സിലാക്കേണ്ടതാണ്.

**ഹെൽപ്പ് ലൈൻ നമ്പർ : 0471 – 2525300**

തിരുവനന്തപുരം
18.05.2020

**പ്രവേശന പരീക്ഷാ കമ്മീഷണർ**